"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - വയനാട് ഉരുൾപൊട്ടൽ ദുരന്തം - ദുരന്ത ബാധിതരുടെ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിനായി ലാൻ്റ് റവന്യൂ കമ്മീഷണറുടെ നേതൃതത്വത്തിലുള്ള സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.40/2026/DMD തീയതി,തിരുവനന്തപുരം, 17-01-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം.11/2024/DMD, തീയതി 04-10-2024

**<u>ഉത്തരവ്</u>**

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ഈ പുനരധിവാസ പദ്ധതിക്കായി ഇതിനകം 402 ഗുണഭോക്താക്കളെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഫേസ് - I, 2A, 2B ഗുണഭോക്ത ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ട് വിവിധ തലങ്ങളിൽ സമർപ്പിക്കപെട്ട അപ്പീൽ അപേക്ഷകൾ തീർപ്പാക്കുന്നതിനായി അപ്പീൽ ഹിയറിങ്ങ് കമ്മിറ്റി രൂപീകരിക്കുകയും, അപ്പീൽ അപേക്ഷകൾ കേൾക്കുകയും ചെയ്തതിനു ശേഷമാണ് മേൽ പരാമർശിച്ച 402 ഗുണഭോക്താക്കളേയും തീരുമാനിച്ചത്. രണ്ടാം അപ്പീൽ ഹിയറിങ്ങിൽ പടവെട്ടിക്കുന്ന്, കോയിനക്കുളം പ്രദേശത്തെയും, പാടിയിൽ താമസിക്കുന്നവരുടെയും അപേക്ഷകളിൽ പിന്നീട് തീരുമാനം എടുക്കാമെന്നും, 17 അപ്പീലുകളിന്മേൽ അധികവിവരം ആവശ്യമാണെന്നും അപ്പീൽ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു.

2) വയനാട് പുനരധിവാസ പദ്ധതി പരമാവധി ദുരന്തബാധിതർക്ക് പ്രയോജനകരമാക്കുന്നതിനും കൂടതൽ അപേക്ഷകൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനുമായി ഒരു സമിതി രൂപീകരിക്കേണ്ട ആവശ്യകത കാണുന്നു.

3) സർക്കാർ ഇക്കാര്യം വിശാദമായി പരിശോധിച്ചു. രണ്ടാം അപ്പീൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം അധികവിവരം ആവശ്യപ്പെട്ട 17 അപ്പീലുകളിന്മേലും, പടവെട്ടിക്കുന്ന്, കോയിനക്കുളം പ്രദേശത്തെയും, പാടിയിൽ താമസിക്കുന്നവരുടെയും അപേക്ഷകളിന്മേലും പുനഃപരിശോധനാ ആവശ്യമായ അപ്പീലുകൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ഗുണഭോക്താക്കളുടെ പട്ടികയിന്മേലുള്ള എല്ലാ അക്ഷേപങ്ങളും കേട്ടുതീർപ്പാക്കുന്നത്തിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ താഴെ പറയുന്ന സമിതി രൂപീകരിച്ചു ഉത്തരവാകുന്നു.

(1) ലാൻഡ് റവന്യൂ കമ്മീഷണർ - അധ്യക്ഷൻ

(2) അണ്ടർ സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - മെമ്പർ

(3) വയനാട് ജില്ലാ കളക്ടർ - മെമ്പർ

(4) വയനാട് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്നും ഒരു പ്രതിനിധി (വയനാട് ജില്ലാ കളക്ടറുടെ ശിപാർശ അടിസ്ഥാനത്തിൽ) - മെമ്പർ

<u>പരിഗണനാ വിഷയങ്ങൾ</u>

1. രണ്ടാം അപ്പീൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം അധികവിവരം ആവശ്യപ്പെട്ട 17 അപ്പീലുകൾ പരിശോധിക്കേണ്ടതാണ്

2. പടവെട്ടിക്കുന്ന്, കോയിനക്കുളം പ്രദേശത്തെയും, പാടിയിൽ താമസിക്കുന്നവരുടെയും അപേക്ഷകൾ പരിശോധിക്കേണ്ടതാണ്

3. പുനഃപരിശോധനാ ആവശ്യമായ എല്ലാ അപ്പീലുകളും പരിശോധിക്കേണ്ടതാണ്

4. ഗുണഭോക്താക്കളുടെ പട്ടികയിന്മേലുള്ള എല്ലാ അക്ഷേപങ്ങൾ കേട്ടുതീർപ്പാക്കേണ്ടതാണ്

ഈ സമിതി മേൽ പരാമർശിച്ച എല്ലാ അപേക്ഷകളിന്മേലും ആവശ്യമായ പരിശോധനകൾ നടത്തി 31/01/2026- ന് മുൻപ് ഗുണഭോക്താക്കളുടെ അന്തിമ പട്ടിക സർക്കാരിൽ സമർപ്പിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ, (എ&ഇ), കേരള. തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
സ്പെഷ്യൽ ഓഫീസർ, വയനാട് ടൗൺഷിപ്പ് പ്രോജക്ട്
ജില്ലാ കളക്ടർ, വയനാട്
അണ്ടർ സെക്രട്ടറി ദുരന്ത നിവാരണ വകുപ്പ്
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 19-01-2026 11:45:49

സെക്ഷൻ ഓഫീസർ